ധനം BUSINESS MAGAZINE

MANAGEMENT
മാനേജ്മെന്റ്



ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# കേരളത്തിൽ ഇപ്പോൾ ബിസിനസ് തുടങ്ങാമോ?

**ബിസിനസ് ആരംഭിക്കാൻ ഏറ്റവും അനുയോജ്യമായ സമയം എപ്പോഴാണ്**

സ്വന്തം ബിസിനസ് തുടങ്ങുന്നത് മികച്ച ആസൂത്രണത്തിലൂടെയാവണം. ദൗർഭാഗ്യവശാൽ മിക്കവരും സ്വന്തമായി ബിസിനസ് ആരംഭിക്കുന്നത് സാഹചര്യങ്ങൾ പരിഗണിച്ചു കൊണ്ടാണ്. അല്ലാതെ ശരിയായ ആസൂത്രണം അനുസരിച്ചല്ല.

ഒരാൾക്ക് നിലവിലുള്ള ജോലി നഷ്ടപ്പെടുക, നല്ല ജോലി കണ്ടെത്താൻ കഴിയാതെ പോകുക, അല്ലെങ്കിൽ പഠനം പൂർത്തിയാക്കുക തുടങ്ങിയവയാണ് സാധാരണഗതിയിൽ സാഹചര്യം കൊണ്ട് സംരംഭകരാകുന്നതിന്റെ പ്രധാന കാരണങ്ങൾ.

ഒരു ബിസിനസ് തുടങ്ങുന്നതിന് അവർ പൂർണ തയാറെടുപ്പ് നടത്തുന്നില്ല എന്നതുകൊണ്ട് ഇത് പരാജയത്തിനുള്ള ചേരുവയാണെന്ന് പറയാം.

ഒരു പ്ലാൻ അനുസരിച്ചാണ് നിങ്ങൾ ബിസിനസ് ആരംഭിക്കുന്നതെങ്കിൽ ബിസിനസ് എപ്പോൾ തുടങ്ങണമെന്ന് നിങ്ങൾക്ക് നിശ്ചയിക്കാനാകും. ഇത്തരം സാഹചര്യത്തിൽ ചിത്രം ഒന്നിൽ കാണിച്ചിരിക്കുന്ന സാമ്പത്തിക ഘട്ടത്തിന്റെ ഏത് ഭാഗത്താണ് നിങ്ങളുടെ ബിസിനസ് ആരംഭിക്കേണ്ടത്?

*Figure 1 - The Economic Cycle*






എന്റെ അഭിപ്രായത്തിൽ സാമ്പത്തിക മാന്ദ്യം അവസാനിച്ചതിന് ശേഷമുള്ള കാലഘട്ടമാണ് ബിസിനസ് ആരംഭിക്കാൻ ഏറ്റവും അനുയോജ്യമായ സമയം.

എന്തുകൊണ്ടാണ് അങ്ങനെ?

സാധാരണ ഗതിയിൽ മാന്ദ്യത്തിന് ശേഷം മനുഷ്യവിഭവ ശേഷി, അടിസ്ഥാന സൗകര്യം തുടങ്ങിയ വിഭവങ്ങളുടെ ലഭ്യത കൂടുകയും അതിനുള്ള ചെലവ് കുറവായിരിക്കുകയും ചെയ്യും. മാത്രമല്ല, ഡിമാൻഡ് കൂടുകയും സപ്ലൈ സാധാരണ ഗതിയിൽ മന്ദഗതിയിലാകുകയും ചെയ്യും. ഇത് എല്ലാ ബിസിനസുകൾക്കും മികച്ച വിൽപ്പനയും ലാഭവും നേടിക്കൊടുക്കുന്നു.

സാമ്പത്തിക ചക്രം (Economic Cycle) അതിന്റെ ബിസിനസ് ഉന്നതിയിൽ എത്തി പോസിറ്റീവ് ക്യാഷ് ഫ്ളോ, ലാഭം, നിക്ഷേപത്തിൽ നിന്നുള്ള നേട്ടം എന്നിവ നേടുന്നതു വരെയുള്ള വളരെ നീണ്ട പ്രവർത്തന കാലയളവ് പുതിയ ബിസിനസിന് നൽകുന്നു.

ഇന്ന് ബിസിനസ് ആരംഭിക്കാൻ ആഗ്രഹിക്കുന്ന മലയാളികൾ കേരളത്തിൽ തന്നെ ബിസിനസ് തുടങ്ങാനാണ് ആഗ്രഹിക്കുന്നത്. എന്നാൽ ആദ്യം പരിശോധിക്കേണ്ടത് കേരളത്തിൽ വ്യവസായം തുടങ്ങാൻ പറ്റിയ സമയമാണോ ഇതെന്നാണ്.

എന്റെ അഭിപ്രായത്തിൽ കേരളത്തിൽ ഇപ്പോൾ കടുത്ത മാന്ദ്യത്തിന്റെ പ്രവണതയുണ്ട്. കുറച്ചു വർഷത്തേക്ക് വിപുലീകരണ പ്രവർത്തനങ്ങൾ ഒഴിവാക്കണമെന്ന് നിലവിലുള്ള സംരംഭകർക്ക് ഞാൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

മുകളിൽ ചർച്ച ചെയ്ത കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കാര്യം എല്ലാവർക്കും വ്യക്തമാകും; കേരളത്തിൽ ബിസിനസ് തുടങ്ങാൻ ഇത് അനുയോജ്യമായ സമയമല്ല.

ഒരു പ്ലാൻ തയാറാക്കിയാണ് നിങ്ങൾ ബിസിനസ് ആരംഭിക്കാനിരിക്കുന്നതെങ്കിൽ ഈ സമയത്ത് നിങ്ങൾ കേരളത്തിൽ ഒരു ബിസിനസ് തുടങ്ങില്ലെന്ന് ഉറപ്പാണ്.

പകരം, നിങ്ങൾ കേരളത്തിലെ വിപണി മെച്ചപ്പെടുന്നതും കാത്തിരിക്കുക. അല്ലെങ്കിൽ സാമ്പത്തിക ചക്രം അനുയോജ്യമായി നിൽക്കുന്ന മറ്റൊരു മേഖലയിൽ ബിസിനസ് ആരംഭിക്കാൻ നോക്കുക.

അത് സാധ്യമല്ലെങ്കിൽ, സാമ്പത്തിക ചക്രത്തിൽ അനുകൂലമായ സാഹചര്യം ഉരുത്തിരിഞ്ഞു വരുന്നതു വരെ ബിസിനസ് ആരംഭിക്കുന്നത് മാറ്റിവെയ്ക്കുക. ■